(ഡി) സർക്കാർ സർവ്വീസിൽ വ്യാജ നിയമനങ്ങൾ കണ്ടുപിടിച്ച സാഹചര്യത്തിൽ പി.എസ്.സി.യിൽ 'റിക്രൂട്ട്മെന്റ് ഓഡിറ്റ് വിഭാഗം' രൂപീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷത്തിനകം നടത്തിയ എല്ലാ നിയമനങ്ങളെ സംബന്ധിച്ചും ഒരു സമഗ്രമായ വെരിഫിക്കേഷൻ നടത്താൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൻ കീഴിൽ ഒരു സ്പെഷ്യൽ സെല്ലിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. ഭാവിയിൽ ഉണ്ടാകുന്ന എല്ലാ പി.എസ്.സി. നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷനു പുറമെ പി.എസ്.സി.യുടെ വെരിഫിക്കേഷൻ റിപ്പോർട്ടും കൂടി വാങ്ങിയതിനു ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് എല്ലാ നിയമനാധികാരികളെയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) പരിശോധിച്ചു വരുന്നു.

വ്യാജ നിയമനങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി

18 (27) ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. വഴി നടത്തുന്ന നിയമനങ്ങളിൽ വ്യാജ രേഖകളുണ്ടാക്കി നിയമന ഉത്തരവുകൾ നൽകുകയും ഈ ഉത്തരവുകൾ പ്രകാരം ചിലർ സർവ്വീസിൽ കയറിപ്പറ്റുകയും ചെയ്യുവാൻ ഇടയായ സംഭവങ്ങളിൽ ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ നിയമന നടപടികളിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

പി.എസ്.സി. നിയമനത്തിന്റെ പേരിലുള്ള തട്ടിപ്പ്

19 (29) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷന്റെ വ്യാജ രേഖകൾ ഹാജരാക്കി ചിലർ സർക്കാർ ഓഫീസുകളിൽ ജോലി സമ്പാദിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധമായ വിശദാംശങ്ങൾ, ഈ തട്ടിപ്പു നടത്താൻ ഇടയായ സാഹചര്യം അടക്കം വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly